CHURCH WEEKLY

June 2025

പെരുമൺ ദുരന്തത്തിന്
37 വയസ്. അപകടത്തിൽ നിന്ന്
അത്ഭുതകരമായി രക്ഷപ്പെട്ടതിന്റെ
അനുഭവസാക്ഷ്യം

N.G. Jose

Perumon Train Accident: A Tryst With Tragedy And A Miraculous Survival

കവർസ്റ്റോറി

പള്ളിക്കൂടത്തിലേക്ക് വീണ്ടും...

തെരേസ സെബാസ്റ്റ്യൻ

ഇടവപ്പാതിയിലെ ആദ്യ സ്കൂൾ ദിനങ്ങൾ

ഓർമ്മ

റോമി ബെന്നി

An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 79
Issue 6
June 2025

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

79th Year of Publication

FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

Sri K.C. Chacko
Founder of the Church Weekly
(1946)

CHURCH WEEKLY

C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mip68.afh@gmail.com
Website
www.alwayefellowshiphouse.com

EDITORIAL BOARD

Dr. M.I. Punnoose
0484-2603260
(Chief Editor)
Kuruvilla M. George IRS (Retd)
Prof. Abraham Mathew
Prof. M.T. Saramma
Santhosh Oommen
Dr. Annie David
Prof. Suseela Alexander
Dr. George Eipe
Dr. Saju Mathew
Dr. Jacob Elias

ADVISOR

K.V. Mammen

CIRCULATION MANAGER

K.O. Elias
0484-2606986, 9446718234

SUBSCRIPTION RATES

	Inside India
Single Issue	₹ 15.00
Annual	₹ 150.00
10 years	₹ 1,500.00
Life (Patron)	₹ 10,000.00

	Outside India
Annual	USD 10
10 years	USD 100
Life (Patron)	USD 1,000

Bank of India - UC College Branch

A/c No. : 856610100002771
AFH - Church Weekly
IFS Code : BKID 0008566

DISCLAIMER
The Alwaye Fellowship House is not responsible for the contents of the articles or the genuineness of the advertisements published in the Church Weekly.

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...



ഈ ലക്കത്തിൽ

4	*Fellowship News*		
5	*മുഖമൊഴി*	**പരിസ്ഥിതിദിനം : ആചരണം ആചാരമാകുമ്പോൾ**	
7	*അനുസ്മരണം*	**പ്രത്യാശയുടെ മാലാഖ: ഡോ. മേരി വർഗീസ്**	*Kaladharan Mattappilly*
9	*യുവലോകം*	**ജീവിതയാത്രയിലെ സഞ്ചാരികൾ നാം**	*Fr. Dr. Thomson Roby*
11	*കവർസ്റ്റോറി*	**പള്ളിക്കൂടത്തിലേക്ക് വീണ്ടും...**	*Theresa Sebastian*
13	*ഓർമ്മ*	**ഇടവപ്പാതിയിലെ ആദ്യസ്കൂൾദിനങ്ങൾ: നനവാർന്ന ചില ഓർമ്മച്ചിത്രങ്ങൾ**	*Romy Benny*
17	*സ്മൃതിപഥം*	**കൽക്കട്ടസ്മരണകൾ**	*Fr. Johney George Cor-Episcopa*
21	*രണ്ടു കവിതകൾ*	**സ്കൂൾ, മേളം**	*V.M. Anoop*
23	*നർമ്മവിചാരം*	**കല്യാണ ചടങ്ങുകളിലെ തലമുറ മാറ്റം: ചില ഓൾഡ്ജെൻ വിചാരങ്ങൾ**	*Pramod*
25	*Letter to the Editor*		
26	*Reflections*	**Secret Silence**	*Leela Kuruvilla*
27	*Salient Point*	**God Speaks / God Sees: Some Rambling Reflections**	*Alwin Alexander*
29	*Experience*	**Perumon Train Accident: A Tryst With Tragedy And A Miraculous Survival**	*N.G. Jose*
33	*Snippets*	**Jesus is not a Miracle Worker**	*Rev. Thomas John*
35	*Last Page*	**Psalm 86**	*M.G. Kuruvilla*

പരിസ്ഥിതി ദിനാചരണം

ലോക പരിസ്ഥിതിദിനം ആലുവ ഫെല്ലോഷിപ്പ് ഹൗസിൽ സമുചിതമായി ആചരിച്ചു. ജൂൺ 5 വൈകിട്ട് 4.30 ന് നടന്ന പരിസ്ഥിതി ദിനാഘോഷ പരിപാടികൾ ശ്രീ. ബാബു പള്ളാശ്ശേരി ഉദ്ഘാടനം ചെയ്തു. ബാബു പള്ളാശ്ശേരി രചനയും സംവിധാനവും നിർവ്വഹിച്ച ഏകാംഗനാടകം ശ്രീ. ചിന്നൻ പൈനാടത്ത് അവതരിപ്പിച്ചു. 'പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇല്ലാതാക്കുക' (End Plastic Pollution) എന്ന ഈ വർഷത്തെ ലോക പരിസ്ഥിതിദിന ചിന്താവിഷയത്തെ മുൻനിർത്തി ശ്രീ. ചിന്നൻ പൈനാടത്ത് പ്രഭാഷണം നിർവഹിച്ചു. പരിസ്ഥിതിയും മതമൈത്രിയും പ്രമേയമാക്കിയ നാടകം ശ്രദ്ധേയമായിരുന്നു. തുടർന്ന് ചാക്കോ ഹോംസ് അംഗങ്ങൾ അവതരിപ്പിച്ച സ്കിറ്റും മറ്റ് കലാപരിപാടികളും നടന്നു

പരിസ്ഥിതിദിന പരിപാടികളിൽനിന്ന്

മെയ് 11 : അന്താരാഷ്ട്ര മാതൃദിനം

ചാക്കോഹോംസിലെ പ്രോഗ്രാം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മാതൃദിനാഘോഷത്തോടനുബന്ധിച്ച് മാതൃവന്ദനം പരിപാടി സംഘടിപ്പിച്ചു. യു.സി. കോളജ് മുൻ പ്രിൻസിപ്പൽ ഡോ. താര കെ. സൈമൺ മാതൃദിന സന്ദേശം നൽകി. യോഗാ പരിശീലക ശ്രീമതി സുജ ജിതേന്ദ്ര അവതരിപ്പിച്ച ക്ലാസിക്കൽ നൃത്തം പരിപാടിക്ക് മാറ്റുകൂട്ടി.

Friday Music

മ്യൂസിക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിലുള്ള പ്രതിമാസ സംഗീത പരിപാടി 2025 മെയ് 30 ന് നടന്നു. U.C Hill Voices ബാൻഡ് അവതരിപ്പിച്ച അരങ്ങേറ്റ സംഗീത പരിപാടി മികച്ച നിലവാരം പുലർത്തി. നൈസ് ജോൺ, ലാൽ പോൾ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഗാനസന്ധ്യയിൽ രാമചന്ദ്രൻ കാഞ്ഞങ്ങാട്, ആതിര ഉണ്ണികൃഷ്ണൻ, നവ്യറോസ് എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു.

• മുഖമൊഴി •

പരിസ്ഥിതിദിനം: ആചരണം ആചാരമാകുമ്പോൾ

ജൂൺ 5 ന് വീണ്ടുമൊരു പരിസ്ഥിതി ദിനം കൂടി കടന്നുപോയി. വൃക്ഷത്തൈ വിതരണവും മരം നടീൽ ചടങ്ങുകളുമായി ജൂൺ 5 ന്റെ പതിവ് ആചാരങ്ങൾ ലോകവ്യാപകമായി അനുഷ്ഠിക്കപ്പെട്ടു. മുൻവർഷം നട്ട കുഴിയിൽ തന്നെ വീണ്ടും ഇത്തരം ആചാരങ്ങൾ അനുഷ്ഠിച്ചവരുമുണ്ടാകാം. പരിസ്ഥിതി ദിനാചരണം കേവലം ആചാരങ്ങളായി മാറുന്നുവെന്നത് നിർഭാഗ്യകരമായ ഒരു യാഥാർത്ഥ്യമാണ്. സ്കൂൾ-കോളജ് തലങ്ങളിലും ഓഫീസുകളിലും ഔപചാരികമായ ആചരണപരിപാടികൾ നടക്കുന്നതൊഴിച്ചാൽ പരിസ്ഥിതി ദിനത്തിന്റെ സന്ദേശവും പ്രാധാന്യവും സമൂഹത്തെ സ്പർശിക്കാതെ കടന്നുപോകുന്ന സ്ഥിതിയാണുള്ളത്. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' (Do or Die) എന്ന സ്ഥിതി സാഹചര്യത്തിലൂടെയാണ് ഭൂമിയുടെ പാരിസ്ഥിതികാവസ്ഥകൾകടന്നുപോകുന്നതെന്ന യാഥാർത്ഥ്യം ഗൗരവത്തോടെ കണക്കിലെടുക്കേണ്ടതുണ്ട്. ലോകം വിനാശകരമായ ഒരു ഗർത്തത്തിന്റെ ഓരം ചേർന്നാണ് നടക്കുന്നതെന്ന ഐക്യരാഷ്ട്ര സംഘടനാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസ്സിന്റെ വാക്കുകൾ ഈ ദുരന്തയാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

കൊറിയ ആതിഥേയത്വം വഹിച്ച ലോക പരിസ്ഥിതിദിനാഘോഷത്തിന്റെ ഈ വർഷത്തെ ചിന്താവിഷയം പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക (End Plastic Pollution) എന്നതായിരുന്നു. പ്ലാസ്റ്റിക് മലിനീകരണത്തിന്റെ കാര്യത്തിൽ അഞ്ച് 'R' ഇത് ഉയർത്തിപ്പിടിക്കുന്നു. (Refuse, Reduce, Reuse, Recycle, Rethink!) 2023 ലെ പരിസ്ഥിതി ദിനചിന്തയുടെ തുടർച്ചയെന്ന നിലയിലാണ് പ്ലാസ്റ്റിക് മാലിന്യപ്രശ്നം ഈ വർഷവും യു.എൻ. പരിസ്ഥിതിദിന വിഷയമായി ഉയർത്തിപ്പിടിച്ചത്. പ്ലാസ്റ്റിക് മാലിന്യം മനുഷ്യരാശിക്കു മാത്രമല്ല, ഭൂമിയുടെ നിലനില്പിനു തന്നെ അത്രമേൽ ഭീഷണിയായിരിക്കുന്നു എന്ന യാഥാർത്ഥ്യമാണിത് വ്യക്തമാക്കുന്നത്. ആയിരക്കണക്കിന് ടൺ പ്ലാസ്റ്റിക് മാലിന്യമാണ് ഓരോ ദിവസവും നമ്മുടെ സമുദ്രങ്ങളിലേക്ക് ഒഴുകിയെത്തുന്നത്. കടലിന്റെ ജൈവഘടനയിലിത് സൃഷ്ടിക്കുന്ന ആഘാതങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതാണ്.

അതിനിടയിലാണ് മാരകമായ രാസപദാർത്ഥങ്ങളുമായി വലിയൊരു ലൈബീരിയൻ കപ്പൽ നമ്മുടെ കൊച്ചി തീരത്ത് മുങ്ങിയിരിക്കുന്നത്. ഇത് സൃഷ്ടിക്കാനിടയുള്ള പാരിസ്ഥിതിക ദുരന്തത്തെ കുറിച്ച് ബന്ധപ്പെട്ടവർ മൗനം പാലിക്കുകയാണ്. ഷിപ്പിങ്ങ് കമ്പനിക്കെതിരെ കേസെടുക്കാൻ പോലും തയ്യാറായില്ല. നടപടിയെടുക്കേണ്ട ഭരണകൂടമോ ജനങ്ങളുടെ പ്രതിഷേധമുയർത്തിക്കൊണ്ടു വരേണ്ട പ്രതിപക്ഷമോ ഇത് ശ്രദ്ധിക്കുന്നതു കൂടിയില്ല. അവർക്കെല്ലാം നിലമ്പൂർ തെരഞ്ഞെടുപ്പാണ് പ്രധാന പ്രശ്നം. അപ്രസക്തമായ ഒരു ഉപതെരഞ്ഞെടുപ്പിന്റെ പിന്നാലെ 24 മണിക്കൂറും ക്യാമറയും തൂക്കിനടക്കുന്ന മാധ്യമങ്ങൾക്കും ഇതൊന്നും വലിയ വാർത്തയല്ല.

പാരിസ്ഥിതികമായ ഈ നിരക്ഷരതയാണ് നമ്മുടെ നാടിന്റെ ശാപം. ജലാശയങ്ങളും നിരത്തുകളും പൊതുസ്ഥലങ്ങളുമൊക്കെ വൃത്തിയായി പരിപാലിക്കുന്നിടത്തു മാത്രമേ പരിസ്ഥിതി സാക്ഷരത കാണാൻ കഴിയൂ. ഇത്തരമൊരു സാക്ഷരതാശീലം പ്രൈമറി തലം മുതൽ പരിശീലിപ്പിച്ചുകൊണ്ടു മാത്രമേ പരിഷ്കൃതമായ ഒരു സാമൂഹിക ചുറ്റുപാട് നമുക്ക് സൃഷ്ടിക്കാൻ കഴിയൂ. ഇക്കാര്യത്തിൽ ഭരണകൂടങ്ങൾ നിർബന്ധ ബുദ്ധിയോടെ ഇടപെടാത്തിടത്തോളം കാലം നമ്മുടെ പരിസ്ഥിതിദിനാചരണങ്ങൾ കേവലം ആചാരങ്ങളായി മാത്രം പരിമിതപ്പെടുമെന്നതിൽ തർക്കമില്ല! ◎


Scan QR Code For Website
GPS®
GLOBAL PUBLIC SCHOOL
KOCHI
Offers Exciting Pathways To Success
Choose the best fit for your children's unique learning style and make them future ready. We groom well-rounded world citizens.
RESIDENTIAL FACILITIES AVAILABLE
GLOBAL EDUCATION TRUST OFFERS
global public school®
GLOBAL VISION. TRADITIONAL VALUES.
CBSE
STEPPING STONES
KINDERGARTEN
GPS - International
a division of Global Education Trust
CAMBRIDGE
GPS Brookes Kochi
IB
For details : +91 (484),2713743/45/46 Follow Us On : www.globalpublicschool.org

അനുസ്മരണം

കലാധരൻ മറ്റപ്പള്ളി

പ്രത്യാശയുടെ മാലാഖ: ഡോ. മേരി വർഗീസ്



ചർച്ച് വീക്ക്‌ലിയുടെ "മെയ്" ലക്കത്തിൽ ഡോ. സൂസൻ ഈപ്പൻ എഴുതിയ "സ്ത്രീകൾ സുവിശേഷത്തിന്റെ ദീപശിഖാ വാഹകർ" എന്ന ലേഖനമാണ് എന്റെ ഈ അനുസ്മരണക്കുറിപ്പിന് ആധാരം. നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായ സാമൂഹിക സേവനത്തിലൂടെ യഥാർത്ഥ മിഷനറി പ്രവർത്തനം നടത്തിയ സ്ത്രീരത്നങ്ങളെക്കുറിച്ചുള്ള ഡോ. സൂസന്റെ ലേഖനം വളരെ വിജ്ഞാനപ്രദമായിരുന്നു. ഡോ. ഐഡ സ്കഡ്ഡറെ കുറിച്ച് എഴുതിയത് വായിച്ചപ്പോഴാണ് എന്റെ സമീപ നാട്ടുകാരി കൂടിയായ ഡോ. മേരി വർഗീസ് അക്കൂട്ടത്തിൽ പരിഗണിക്കപ്പെടേണ്ടതാണെന്ന തോന്നൽ എനിക്കുണ്ടായത്. മനുഷ്യസ്നേഹത്തിന്റെയും തളരാത്ത നിശ്ചയദാർഢ്യത്തിന്റെയും മഹനീയമായ മാതൃകയായിരുന്നു ഡോ. മേരി വർഗീസിന്റെ ജീവിതം.

1925 ൽ എറണാകുളം ജില്ലയിലെ ചെറായി എന്ന സ്ഥലത്തു ഒരു സിറിയൻ കത്തോലിക്കാ കുടുംബത്തിലെ 8 മക്കളിൽ 7-ാമതായിട്ടാണ് മേരിയുടെ ജനനം. പഠനത്തിൽ ഏറെ മിടുക്കിയായിരുന്ന മേരി ചെറായി യൂണിയൻ ഹൈസ്കൂളിൽ വിദ്യാഭ്യാസം കഴിഞ്ഞ് മഹാരാജാസ് കോളേജിലെത്തി. കെമിസ്ട്രിയിൽ പ്രശസ്ത വിജയം നേടിയ മേരി ഒരു ഡോക്ടർ ആകാൻ ആഗ്രഹിച്ചു വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലേക്ക് അപേക്ഷ അയച്ചു. ഇന്റർവ്യൂവിന് തെരഞ്ഞെടുക്കപ്പെട്ട 75 പേരിൽ മേരിയുടെ പേരുമുണ്ടായിരുന്നു പക്ഷെ 25 പേർക്കേ അവിടെ അഡ്മിഷൻ കിട്ടൂ. വ്യാകുലമാതാവിന്റെ അനുഗ്രഹം കൊണ്ട് വെയിറ്റിംഗ് ലിസ്റ്റിൽ മേരിയുടെ പേര് ഒന്നാമതായി ഉണ്ടായിരുന്നു.

പരാശ്രയമില്ലാതെ തന്റേടത്തോടെ ജീവിച്ചിരുന്ന മേരി യേശുവിൽ അടിയുറച്ച് വിശ്വസിച്ചിരുന്നു. "വിശ്വാസം അതല്ലേ എല്ലാം." മാറി പോയ ഒരു കുട്ടിയുടെ ഒഴിവിൽ മേരിക്ക് 1946 ബാച്ചിൽ MBBS ന് വെല്ലൂരിൽ അഡ്മിഷൻ ലഭിച്ചു. 1952-ൽ മേരി MBBS പാസ്സായി. ഒരു സ്ത്രീയായ മേരി ഗൈനക്കോളജിയിൽ സ്പെഷ്യലൈസ് ചെയ്യാൻ തീരുമാനിച്ചു. മേരി ക്രിസ്ത്യൻ മെഡിക്കൽ കോളേജ് സ്ഥാപകയായ ഡോ. ഐഡാ എസ്. സ്കഡറെ പരിചയപ്പെട്ടു. അതോടെ മേരിയുടെ സ്വപ്നസാഫല്യമായി. സന്തോഷവതിയായ മേരി ഒരിക്കൽ ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. കരോൾ ജയിംസണോടൊപ്പം 13 സുഹൃത്തുക്കളുമായി ഉല്ലാസയാത്രയ്ക്ക് പുറപ്പെട്ടു. അവരുടെ വാഹനം ഒരു സ്കൂൾവാഹനത്തെ മറികടക്കവെ ഒരു മൈൽക്കുറ്റിയിൽ തട്ടി

മൂന്നുതവണ കരണംമറിഞ്ഞ് ഒരു പാലത്തിനടിയിലേക്ക് വീണു. "വിധിവിഹിതം ലംഘിച്ചുകൂടുമോ?" മേരിയുടെ ഒരു കാൽ ഒടിഞ്ഞുതൂങ്ങി. നട്ടെല്ലിനും മുഖത്തിനും കാര്യമായ പരിക്കുകൾ പറ്റി. മേരി വെല്ലൂർ ആശുപത്രിയിൽ ചലനമറ്റുകിടപ്പിലായി. മേരിയുടെ ശരീരത്തിൽ നടത്തിയ ശസ്ത്രക്രിയകളൊന്നും അവർ അറിഞ്ഞതേയില്ല. പരാശ്രയ ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ മേരിക്കാവില്ല. ആരുടേയും സഹതാപത്തിനായി കാത്തുനിൽക്കാതെ വീൽചെയറിലിരിക്കുവാനും നന്നായി വസ്ത്രം ധരിക്കാനും മേരി പഠിച്ചു. അതോടെ ഗൈനക്കോളജി പഠനമോഹം ഉപേക്ഷിക്കേണ്ടിവന്നു. എങ്കിലും രോഗികളുമായി ഇടപഴകുന്ന ഏതെങ്കിലും പ്രവൃത്തിയിൽ വ്യാപൃതയാകുവാൻ അവൾ ആഗ്രഹിച്ചു. അപ്പോഴാണ്, കുഷ്ഠരോഗികളുടെ കൈകൾക്ക് ശസ്ത്രക്രിയ ചെയ്യുന്ന വിദഗ്ദ്ധനായ ഡോ. ജോൺ പോൾ ബ്രാന്റിനെ മേരി പരിചയപ്പെടുന്നത്. അദ്ദേഹത്തിന്റെ സഹായത്തോടെ കുഷ്ഠരോഗികളുടെ കൈകൾക്ക് ശസ്ത്രക്രിയ ചെയ്യുന്ന ജോലിയിൽ അവർ വ്യാപൃതയായി.

കുഷ്ഠരോഗികൾക്കിടയിലേക്ക് വീൽചെയറിൽ കയറിച്ചെല്ലുന്ന മാലാഖയാണ് മേരി എന്ന് രോഗികൾക്ക് തോന്നി. നട്ടെല്ലിന്റെ ക്ഷതം മേരിയെ വ്യാകുലപ്പെടുത്തിയെങ്കിലും ഡോ. മേരിയുടെ സാന്നിദ്ധ്യം രോഗികൾക്കിടയിൽ സംസാരവിഷയമായി. മണിക്കൂറുകളോളം നീളുന്ന ശസ്ത്രക്രിയയും രോഗികളുമായുള്ള ഇടപെടലുകളും മേരിയെ വേദനയുടെ ലോകത്തുനിന്നും മാറ്റിനിർത്തി.



മുൻ പ്രസിഡന്റ് ശ്രീ. വി.വി. ഗിരിയിൽനിന്ന് ഡോ. മേരി വർഗീസ് പത്മശ്രീ അവാർഡ് സ്വീകരിക്കുന്നു

ആയിടയ്ക്കാണ് പോളിയോ ബാധിതയായ ഡോ. ഗ്വെൻ ലൂയിസ് ആസ്ത്രേലിയയിലെ പെർത്തിലുള്ള റിഹാബിലിറ്റേഷൻ സെന്ററിൽനിന്നും വെല്ലൂരിലേക്ക് മടങ്ങിയെത്തിയത്. അത് ഡോ. മേരിയുടെ മനസ്സിൽ പുതിയൊരാശയത്തിന് തിരിതെളിച്ചു. വീട്ടുകാരുടെ സഹായത്തോടെ ഡോ. മേരി പെർത്തിലെ റിഹാബിലിറ്റേഷൻ സെന്ററിലെത്തി. അവിടത്തെ പരിശീലനത്തിൽ ഡോ. മേരി കൂടുതൽ സ്വാശ്രയയായി. അവർ ചിന്തിച്ചു; എന്തുകൊണ്ട് വെല്ലൂരിൽ ഒരു റിഹാബിലിറ്റേഷൻ സെന്റർ തുറന്നുകൂടാ!!!

ആരേയും കൂസാതെ സ്വന്തം പ്രയത്നംകൊണ്ട് വെല്ലൂരിൽ ഒരു റിഹാബിലിറ്റേഷൻ സെന്റർ എന്ന ഡോ. മേരിയുടെ ചിരകാല സ്വപ്നം പൂവണിഞ്ഞു. 1966-ൽ മസ്തിഷ്കത്തിനും, നട്ടെല്ലിനും, പക്ഷാഘാതം പിടിപെട്ടവർക്കുമുള്ള ചികിത്സയും പുനരധിവാസവും നൽകുന്ന സ്ഥാപനമായി അത് വളർന്നു. ഡോ. മേരി വർഗ്ഗീസിന്റെ നിസ്തുലമായ സേവനം കണക്കിലെടുത്ത് രാജ്യം 1972-ൽ "പത്മശ്രീ" പുരസ്കാരം നൽകി ഡോ. മേരിയെ ആദരിച്ചു. അന്നത്തെ രാഷ്ട്രപതിയായിരുന്ന വി.വി. ഗിരിയാണ് വീൽചെയറിലെ മാലാഖയ്ക്ക് പുരസ്കാരം നൽകിയത്. വീണ്ടും 10 വർഷത്തോളം ഡോ. മേരി വർഗ്ഗീസ് എന്ന 'സർജ്ജൻ ഓൺ വീൽചെയർ' തന്റെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരുന്നു. 1986 ഡിസംബർ 17-ാം തീയതി ഡോ. മേരി വർഗ്ഗീസ് എന്ന പ്രത്യാശയുടെ മാലാഖയുടെ ജീവിതനാടകത്തിന്റെ തിരശ്ശീല വീണു.

61 വർഷം നീണ്ടുനിന്ന ഈ വീൽചെയർ സർജ്ജന്റെ കർമ്മജീവിതത്തിന്റെ തിരുശേഷിപ്പായി വെല്ലൂരിലെ റിഹാബിലിറ്റേഷൻ സെന്റർ മാറി. 1996 മുതൽ റിഹാബിലിറ്റേഷൻ സെന്റർ ഡോ. മേരി വർഗ്ഗീസ് റിഹാബിലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നാക്കി മാറ്റി. അവരുടെ ജീവിതം തന്നെയാണ് അവരുടെ സന്ദേശം. ◎

യുവലോകം

ഫാ. ഡോ. തോംസൺ റോബി

ജീവിത യാത്രയിലെ സഞ്ചാരികൾ നാം

യാത്രക്കാരാണ് നമ്മൾ, ലോകത്തിലേക്ക് വന്നതുപോലെ തന്നെ മടങ്ങിപ്പോകുന്നവർ. ഈ യാത്രയിൽ പലതും ചെയ്യുവാനുള്ള ദൗത്യമാണ് മനുഷ്യനുള്ളത്. ആ ദൗത്യം പൂർത്തീകരിച്ചു മടങ്ങുമ്പോൾ നാം ചെയ്ത നന്മകൾ മാത്രമേ നമ്മുടെ കൂട്ടിനുണ്ടാവുകയുള്ളൂ. 'കൂടാരവാസികൾ' എന്നു വിശേഷിപ്പിക്കുന്ന ജീവിതം നന്മയ്ക്കായി വിനിയോഗിക്കുവാൻ കഴിയണം. തീർത്ഥാടകസംഘം മലനിരകളിലൂടെ സഞ്ചരിക്കുകയാണ് ജ്ഞാനിയായ ഒരു ആചാര്യൻ അവിടെ താമസിക്കുന്നുണ്ടെന്ന് അവർ കേട്ടിരുന്നു. അവർ എല്ലായിടത്തും അദ്ദേഹത്തെ അന്വേഷിച്ചു. അവസാനം ഒരു ചെറുകുടിലിൽ കണ്ടെത്തി. പഴഞ്ചൻ കട്ടിലും ജീർണ്ണിച്ചു തുടങ്ങിയ കസേരയും മേശയും ഭക്ഷണം പാചകം ചെയ്യുന്നതിന് ഒരു അടുപ്പും മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അവർ ചോദിച്ചു. അങ്ങയുടെ വീട്ടുസാധനങ്ങളൊക്കെ എവിടെ? അദ്ദേഹം തിരിച്ചു ചോദിച്ചു: നിങ്ങളുടെ വീട്ടുസാധനങ്ങൾ എവിടെ? അവർ പറഞ്ഞു ഞങ്ങൾ യാത്രയിലായതുകൊണ്ട് അവയൊന്നും ആവശ്യമില്ലല്ലോ? ആചാര്യൻ പറഞ്ഞു. ഞാനും യാത്രയിലാണ്.

ആചാര്യൻ പറഞ്ഞത് ജീവിതമാകുന്ന യാത്രയെക്കുറിച്ചാണ്. ഒന്നും എക്കാലവും ആരുടെയും സ്വന്തമാകില്ല. കുറച്ചുകാലം കൈവശം വയ്ക്കാമെന്ന് മാത്രം. സ്ഥിരമായിട്ടല്ല താല്കാലികമായിട്ടാണ് നാം ആചരിക്കുന്നതും ആർജിക്കുന്നതും എല്ലാം എന്ന തിരിച്ചറിവ് ഈ യാത്രയുടെ ലക്ഷ്യത്തെ സാധൂകരിക്കും. ആരിൽ നിന്നോ കൈമാറ്റം ചെയ്യപ്പെട്ട് മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യപ്പെടുന്നതിന് മുമ്പുള്ള അൽപസമയം മാത്രമാണ് സ്വന്തമെന്ന് അവകാശപ്പെടാനാവുക. എല്ലാം സ്വന്തം പേരിലാക്കി എന്നഭിമാനിക്കുന്നവർ മനസ്സിലാക്കേണ്ട സത്യം അത് അവസാന ശ്വാസം വരെയേ അവകാശമുള്ളൂ എന്നതാണ്. ചിലർ ആസ്വദിച്ചു തീരുംമുമ്പേ ഉപയോഗിക്കുന്നവർ വിടവാങ്ങും. ചുമട് കുറയുന്നതിനനുസരിച്ച് യാത്രാസുഖം കൂടുമെന്ന് യാത്രാ വാഹനങ്ങളിൽ മാത്രം എഴുതിവയ്ക്കേണ്ടതല്ല ജീവിതത്തിനും ബാധകമാണ് ആ നിയമം.

അതുകൊണ്ട് തലചായ്ക്കാനൊരിടവും വയറുനിറയ്ക്കാനൊരപ്പവും ഉടുക്കാനൊരു തുണിയും കുടിക്കാനൊരിറ്റു വെള്ളവും ഉള്ളവരെല്ലാം ഭാഗ്യവാന്മാരാണ്. അതുകൊണ്ട് അമിതമായി വാരികൂട്ടുവാനുള്ള മനുഷ്യന്റെ ആർത്തി അവനെ ശാശ്വതമായി ഈ ഭൂമിയിൽ നിലനിർത്താൻ സഹായിക്കുകയില്ല.

അലഞ്ഞുതിരിയുന്ന വൃദ്ധന്റെ വേഷം മുഷിഞ്ഞതാണെങ്കിലും മുഖത്ത് ഒരു തേജസ്സുണ്ട്. ഭിക്ഷയെടുത്താണ് അദ്ദേഹം ജീവിച്ചിരുന്നത്. എതിരെ വന്ന യുവാവിനോട് അയാൾ അഞ്ചു രൂപ കടം ചോദിച്ചു. ചില്ലറയില്ലാതിരുന്നതുകൊണ്ട് പത്തുരൂപ

യുവാവ് നൽകിയെങ്കിലും വൃദ്ധൻ വാങ്ങിയില്ല. തനിക്കു ബാക്കി തിരിച്ചു തരേണ്ട എന്നുപറഞ്ഞ് യുവാവ് നിർബന്ധിച്ചപ്പോൾ വൃദ്ധൻ പറഞ്ഞു: താങ്കൾക്ക് ബാക്കി തരുന്നതല്ല എന്റെ പ്രശ്നം, ഈ കടത്തു കടക്കാൻ അഞ്ചുരൂപ മതി. ബാക്കി അഞ്ചു രൂപ കയ്യിലിരുന്നാൽ അതാരെങ്കിലും മോഷ്ടിക്കുമോ എന്ന ഭയമുണ്ടാകും. കയ്യിലൊന്നുമില്ലെങ്കിൽ ഏതെങ്കിലും കടത്തിണ്ണ യിൽ സുഖമായി കിടന്നുറങ്ങാം. ഈ യാത്രയിൽ മടിയിൽ കനമില്ലാത്തവന് ആരേയും പേടിക്കേ ണ്ട ആവശ്യമില്ല. മുഷ്ടി ചുരുട്ടി മുറുക്കിപ്പിടിച്ചിരിക്കുന്ന പലതും വിട്ടുകളയാൻ തയ്യാറായാൽ ശാന്തമായി ഉറങ്ങാൻ കഴിയും. ഒന്നുമില്ലാത്തവന് ഒന്നിനേയും ഭയപ്പെടേണ്ട ആവശ്യമില്ല.

മനുഷ്യന് ജീവിക്കുവാനുള്ളത് നാം സമ്പാദിക്കുന്നതിൽ തെറ്റില്ല. എന്നാൽ തലമുറകളോളം ആസ്വദിക്കുവാൻ കളവിൽ കൂടിയും അടിച്ചുമാറ്റിയും നേടുന്നവർ ഈ യാത്ര ക്ഷണികമാണെന്ന് തിരിച്ചറിയണം. ഒരു സമ്പാദ്യവുമില്ലെങ്കിലും ഒരു ദിവസം ജീവിക്കാനാകും എന്ന തിരിച്ചറിവ് നേടിയാൽത്തന്നെ വെട്ടിപ്പിടിക്കുവാനുള്ള വ്യഗ്രത കുറയും. കാക്കകളെ നോക്കൂ; അവ വിതയ്ക്കുന്നില്ല കൊയ്യുന്നില്ല എങ്കിലും അവയെ ദൈവം പരിപാലിക്കുന്നു എന്ന് ക്രിസ്തുനാഥൻ പറഞ്ഞത് ഇവിടെ ശ്രദ്ധേയമാണ്. എല്ലാമുണ്ടെന്ന് അവകാശപ്പെടുന്നവർക്കാണ് അടിസ്ഥാനാവശ്യങ്ങളായ സ്വസ്ഥതയും ശാന്തിയും നഷ്ടപ്പെടുന്നത്. റീത മേ ബ്രൗൺ എന്ന അമേരിക്കൻ എഴുത്തുകാരി പറയുന്നത്; "ജീവിതത്തിന് ഒറ്റ ഉദ്ദേശ്യമേ ഉള്ളൂ. സന്തോഷത്തോടെ ജീവിക്കുക എന്നതു മാത്രം." അതിനു വേണ്ടി ആർജ്ജിക്കുക എന്നതല്ല മറിച്ച് ക്ഷണികമായ ജീവിതത്തിൽ മറ്റുള്ളവരെ കരുതുവാനും സഹായിക്കുവാനും കഴിയുക എന്നതാണ്. "നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക" എന്ന ക്രിസ്തുനാഥൻ പറഞ്ഞത് അതുകൊണ്ടാണ്.

കടലിനോടു ചേർന്നുള്ള പാറക്കെട്ടിൽ എഴുത്തുകാരൻ ദിവസവും വന്നിരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങളോട് എതിർപ്പുള്ളവരിൽനിന്ന് ഒട്ടേറെ പീഡനങ്ങൾ അദ്ദേഹത്തിന് ഏൽക്കേണ്ടി വന്നു. മനഃക്ലേശം വരുമ്പോൾ കടൽത്തീരത്ത് ധ്യാനനിരതനായിരിക്കും. അവിടെ നിന്ന് തിരിച്ചുപോരും നേരം മുമ്പ് ഒരു കല്ലെടുത്തു കടലിലെറിയുക പതിവായിരുന്നു. അവിടെ കളിച്ചുകൊണ്ടിരുന്ന കുട്ടികൾ സ്ഥിരമായി ഈ കാഴ്ച കാണാറുണ്ടായിരുന്നു. അവരിലൊരാൾ ചോദിച്ചു: അങ്ങെന്തിനാണ് ദിവസവും കല്ല് കടലിലേക്കെറിയുന്നത്? അദ്ദേഹം പറഞ്ഞു: ഞാൻ വെറും കല്ലല്ല എറിയുന്നത്. എനിക്കീ ദുരിതം വന്നല്ലോ എന്ന ഭാവമാണ് ഞാൻ എറിഞ്ഞു കളയുന്നത്. നമ്മുടെ ലോകജീവിത്തിലും ഇത്തരം കല്ലുകളെ എറിഞ്ഞു കളയാൻ കഴിയണം. അപ്പോൾ സ്വയം ഊർജ്ജമാകണം എന്ന തിരിച്ചറിവ് അവർക്കുണ്ടാകും.

പൗലോസ് ശ്ലീഹ തീമോഥെയോസിനെ ഓർമ്മിപ്പിക്കുന്നു: "ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെനിന്ന് യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടൊഴിഞ്ഞു. ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു." ആയതിൽ നാം എല്ലാവരും ഈ ഭൂമിയിൽ സ്ഥിരവാസികളല്ല എന്നും ഒരിക്കൽ ഈ യാത്ര അവസാനിപ്പിച്ച് നിത്യവിശ്രമം തേടിപ്പോകണ്ടവരാണെന്നും തിരിച്ചറിഞ്ഞ് ഇത്തിരിയോളമുള്ള ഈ ജീവിതം നന്മയ്ക്കായി വിനിയോഗിക്കുക. നാം യാത്രക്കാരാണ്. ഓരോ ഇടവഴികളിൽ യാത്ര അവസാനിപ്പിക്കേണ്ടവരും.

തീർത്ഥാടക സംഘത്തിലെ നാം ഓരോരുത്തരും ഈ യാത്രയും ലക്ഷ്യം കണ്ടെത്തി ശാന്തയോടെ അവസാനിപ്പിക്കുവാൻ ശ്രമിക്കേണ്ടതല്ലേ? ആയതിനാൽ പുഴുവും ചിതലും അരിയ്ക്കാത്ത സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപം ഉണ്ടാക്കുവാൻ ശ്രമിക്കുക. നമ്മുടെ പുണ്യപ്രവൃത്തികൾ നമ്മേക്കുറിച്ച് സാക്ഷ്യം പറയുവാൻ ഇടയാക്കണം. ഈ യാത്രയിൽ ഭാരങ്ങൾ കുറയ്ക്കുവാൻ ശ്രമിക്കുക. ദൈവാനുഭവത്തിൽ വളരുക. ആനന്ദകരമായ യാത്രയായി നമുക്ക് ജീവിതത്തെ മാറ്റുക. ◎

കവർസ്റ്റോറി

തെരേസ സെബാസ്റ്റ്യൻ

പള്ളിക്കൂടത്തിലേക്ക് വീണ്ടും...

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾ പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. കളിചിരികളുടെയും അലസതയുടെയും പകലുറക്കത്തിന്റെയും നാളുകളോട് ഒരു ഇടവേളയിലേയ്ക്ക് വിടപറയുകയാണ്. നേരം പുലരും മുമ്പ് ഉണരണം. പഠിക്കണം; പുസ്തകസഞ്ചിയൊരുക്കി സ്കൂളിലേയ്ക്ക് യാത്രയാകണം. പഴയ ചര്യകളിലേക്ക് തിരിച്ചുപോകുകയാണ്.

നമ്മുടെ കുട്ടികളിൽ അധികം പേരും വിദ്യാലയങ്ങളിലായിരിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. പഠനഭാരം അലട്ടുന്നുണ്ടെങ്കിലും മാധുര്യമുള്ള പല കാര്യങ്ങളും അവിടെയുണ്ട്. സഹപാഠികളുടെ സാമീപ്യവും സൗഹൃദങ്ങളുടെ തണലുമുണ്ട്. അധ്യാപകർ ശാസിക്കുന്നുണ്ടെങ്കിലും അവരുടെ വാത്സല്യത്തിന്റെ സംരക്ഷണം എവിടെയുമുണ്ട്.

പുതിയ അധ്യയനവർഷം ആരംഭിക്കുമ്പോൾ കുട്ടികൾക്കും അധ്യാപകർക്കും മാതാപിതാക്കൾക്കും ഏറെ പ്രതീക്ഷകളും ആശങ്കകളുമുണ്ട്.

വിദ്യാഭ്യാസമെന്നാൽ നന്മയിലേക്കുള്ള വളർച്ചയാണ്. വ്യക്തിയുടെ സമ്പൂർണ്ണ വികാസമാണ്. അവയൊക്കെ സാധ്യമാകുന്ന വിദ്യാലയ സാമൂഹിക അന്തരീക്ഷവും സമർപ്പണത്തിന്റെ ചിന്താധാരകളും നമുക്ക് ആവശ്യമാണ്. ഒത്തിരിപ്പേരുടെ ഒരുമിച്ചുള്ള പ്രവർത്തനം. കേവലം മാർക്കു വാങ്ങിക്കുന്നതിനും, പരീക്ഷാ വിജയം നേടി അടുത്ത പദ്ധതിയിലേയ്ക്ക് പ്രവേശിക്കുന്നതിനുമുള്ള മാർഗ്ഗം മാത്രമാകരുത് നമുക്ക് വിദ്യാഭ്യാസം. ജീവിതവിജയമാണ് പ്രധാനം എന്ന ചിന്തയുണ്ടാകണം. സമൂഹത്തിന്റെ ഭാഗമായി ജീവിക്കാൻ, സമൂഹത്തിനുവേണ്ടി ജീവിക്കാൻ നമ്മുടെ കുട്ടികൾ പ്രാപ്തരാകണം.

പ്രമുഖ വിദ്യാഭ്യാസ കമ്മീഷനായ കോത്താരി കമ്മീഷൻ ചിന്തിക്കുന്നതുപോലെ നാളെയുടെ ഭാരതം നമ്മുടെ ക്ലാസ് മുറികളിലാണ് രൂപപ്പെടുന്നത്. അതിനുള്ള പ്രവർത്തനങ്ങൾ, സമഗ്രവികസനത്തിന്റെ കാഴ്ചപ്പാടുകൾ നമ്മുടെ ക്ലാസ് മുറികളിൽ സജ്ജീകൃതമാകണം. ഇന്ന് വിദ്യാലയങ്ങളിൽ നിലനിൽക്കുന്ന ജ്ഞാനനിർമ്മിതി വാദം എന്ന വിദ്യാഭ്യാസ പദ്ധതി കുട്ടികളെ സമൂഹത്തിലേയ്ക്ക് വളർത്താൻ പര്യാപ്തമാണ്. അടിസ്ഥാനതത്വങ്ങൾ അവഗണിക്കാതെ, കുറച്ചുകൂടി പ്രായോഗിക ബുദ്ധിയോടുകൂടി നടപ്പിലാക്കിയാൽ ജ്ഞാനനിർമ്മിതിവാദം വിജയകരമാകുമെന്നതിൽ സംശയമില്ല.

കുട്ടികളുടെ വിമർശനബുദ്ധിയെയും വ്യത്യസ്ത താൽപര്യങ്ങളെയും ബഹുമുഖ ബുദ്ധിയെയും

പരിഗണിക്കുന്ന വിദ്യാഭ്യാസവും കാലത്തിന്റെ ആവശ്യമാണ്. വ്യത്യസ്ത ശേഷികളുള്ള-പരിമിതികളുള്ള വിദ്യാർത്ഥികളെ ഒരു കൂടക്കീഴിലാക്കുന്ന inclusive education (ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം) കൂടുതൽ ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. 2020 ൽ പുതിയ ചിന്തയായി രൂപപ്പെട്ട നാഷണൽ എഡ്യുക്കേഷൻ പോളിസിയാണ് നമ്മുടെ മുന്നിലുള്ള പുതിയ പ്രതീക്ഷ. ഇതൊക്കെ വിദ്യാഭ്യാസത്തെ, വ്യക്തികളെ പുതിയ തലത്തിലേയ്ക്ക്, പുതിയ ജീവിതത്തിലേയ്ക്ക് നയിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു.

സാർവ്വത്രിക വിദ്യാഭ്യാസം നടപ്പിലാക്കുന്നു എന്നതുകൊണ്ടു മാത്രം കാര്യമില്ല. അത് ഗുണാധിഷ്ഠിതമാകണം; മൂല്യാധിഷ്ഠിതമാകണം. പരമ്പരാഗത മൂല്യങ്ങളെയും ജനാധിപത്യമൂല്യങ്ങളെയും അംഗീകരിക്കുന്നതാകണം; ഗാന്ധിജി വിഭാവനം ചെയ്തതുപോലെ സ്വയം പര്യാപ്തതയിലേക്കു നയിക്കുന്നതാകണം. സാമൂഹിക സമത്വവും തുല്യതയും പാലിക്കുന്നതാകണം. മനോഹരമായ ആത്മീയതയിൽ അധിഷ്ഠിതമാകണം.

വിദ്യാഭ്യാസത്തിലൂടെ വ്യക്തികളുടെ സ്വഭാവ രൂപവത്ക്കരണം സാധ്യമാകണം. കഴിഞ്ഞ ചില കാലങ്ങളിൽ വിദ്യാലയങ്ങളിൽ രൂപപ്പെട്ട അക്രമസംഭവങ്ങൾ സമൂഹത്തെ നടക്കുന്നതായിരുന്നു. റാഗിംങ് എന്ന പേരിൽ തികഞ്ഞ ക്രൂരതയും അക്രമവും സാർവത്രികമായിരിക്കുന്നു.

നല്ല കുടുംബാന്തരീക്ഷമാണ് നമ്മുടെ കുട്ടികൾക്ക് ഒന്നാമതായി ലഭ്യമാകേണ്ടത്. ഏതു പരാജയത്തിലും ചേർത്തുപിടിക്കുന്ന കുടുംബം, ഏതു വേദനയും പങ്കുവയ്ക്കാൻ സ്വാതന്ത്ര്യം നൽകുന്ന കുടുംബം. അവിടെ പങ്കുവയ്ക്കലിന്റെ ഒരു സംസ്കാരവുമുണ്ടാകണം. ചുറ്റുമുള്ളവരുടെ സങ്കടങ്ങളിലേയ്ക്ക് കടന്നുചെല്ലുന്ന മനസ്സ് കുട്ടികളിൽ രൂപപ്പെടണം. മാതാപിതാക്കൾ വഴികാട്ടികളും തിരുത്തൽ നൽകുന്നവരുമാകണം. കുടുംബത്തിനുള്ളിൽ വയോജനങ്ങളും ആശ്രിതരും അവഗണിക്കപ്പെടരുത്. കുടുംബത്തിൽ ആത്മീയതയും സഹിഷ്ണുതയും നിലനിൽക്കണം.

പഠനത്തിന്റെ പേരിൽ കുട്ടികൾ ഇക്കാലത്ത് വലിയ മാനസിക സംഘർഷം അനുഭവിക്കുന്നുണ്ട്. അനാരോഗ്യകരമായ മത്സരമാണ് ഇതിനു കാരണമാകുന്നത്. പഠനത്തിന്റെ നേട്ടങ്ങൾ സ്വന്തം വിജയത്തെ ലക്ഷ്യമാക്കിയുള്ളത് ആകുന്നത് തെറ്റല്ല, അത് പക്ഷേ ഒപ്പമുള്ളവരെ തോൽപ്പിക്കാൻ മാത്രമുള്ളതാകരുത്.

ഒന്നാമനാകുക എന്നത് അതിൽത്തന്നെ വലിയ നേട്ടമല്ല എന്ന് കുട്ടികളും രക്ഷിതാക്കളും മനസ്സിലാക്കണം. മത്സരം ആരോഗ്യകരമാകണം; നല്ല സൗഹൃദങ്ങൾ രൂപപ്പെടുത്തുന്ന മത്സരം അനിവാര്യമാണ്; പരസ്പരം ബഹുമാനിക്കാൻ കഴിയണം. സ്കൂളുകളിൽ പാഠ്യേതര പ്രവർത്തനങ്ങളും മത്സരങ്ങളേക്കാളധികമായി കലാപോഷണവും സൗഹൃദമത്സരവും ലക്ഷ്യമാക്കുന്നതാകണം. കുട്ടികൾക്ക് നല്ല ഹോബികളുമുണ്ടാകണം. വായനയും യാത്രകളും അവർ ഇഷ്ടപ്പെടണം. സാമൂഹ്യമാധ്യമങ്ങൾക്കു പുറത്തുള്ള യഥാർത്ഥ ലോകം അവർക്ക് പരിചിതമാകണം. പ്രകൃതി പാഠപുസ്തകമാകണം.

ജാപ്പനീസ് കൃതിയായ 'ടോട്ടോചാൻ അവതരിപ്പിക്കുന്നതുപോലെ സ്വതന്ത്രമായ മനസ്സോടെ ഒരു സ്കൂൾ ജീവിതം ആസ്വദിക്കാൻ നമ്മുടെ കുട്ടികൾക്ക് അവസരമുണ്ടാകണം. കേരളത്തിൽ നിലനിൽക്കുന്ന പ്രകൃതിബന്ധിത ജീവിത വിദ്യാഭ്യാസ പദ്ധതികളായ കനവ്, സാരംഗ് എന്നിവയൊക്കെ കുട്ടികളെ കുറച്ചുകൂടി നല്ല മനുഷ്യരാക്കാൻ പര്യാപ്തമായ മാതൃകകളാണ്.

പുതിയ അധ്യയനവർഷം കടന്നു വരുമ്പോൾ മലരുപോലെ മഴപൊഴിയുന്ന പ്രഭാതങ്ങളിൽ, ഏറെ സന്തോഷത്തോടെ ഉത്സാഹത്തോടെ നമ്മുടെ കുട്ടികൾ വിദ്യാലയങ്ങളിലേക്ക് യാത്രയാകുന്നത് നമുക്ക് കാത്തിരിക്കാം. അവരിൽ നൂറുമേനിതന്നെ വിളയുമെന്ന് പ്രതീക്ഷിക്കാം. പരീക്ഷയ്ക്കു ലഭിക്കുന്ന മാർക്കിന്റെ കാര്യത്തിലല്ല; ജീവിതവിജയത്തിന്റെ കാര്യത്തിൽ. ◎

ഇടവപ്പാതിയിലെ ആദ്യസ്കൂൾ ദിനങ്ങൾ; നനവാർന്ന ചില ഓർമ്മചിത്രങ്ങൾ

ഓർമ്മ

റോമി ബെന്നി

"ഇലകൾ പച്ച, പൂക്കൾ മഞ്ഞ, ഓടി വരുമ്പോൾ കള്ളനെ പിടുത്തം..." അവധിക്കാല സംഘനൃത്തം താളത്തോടെ മുന്നേറുമ്പോൾ തന്നെ കിഴക്കു കരിമേഘങ്ങൾ, തെളിഞ്ഞ ആകാശത്തെ മൂടിത്തുടങ്ങും. കനകം പോൽ കത്തി നിന്ന വെയിൽ ഇടയ്ക്കിടെ മങ്ങും. ഇടവക്കാല മഴമേഘങ്ങൾ ഭൂമിയെ തൊടാറായിരിക്കുന്നു.

അവധിക്കാലത്തെ കളികൾക്കിടയിൽ ലഭിച്ച കൈയിലെ കുത്തിവെയ്പും, അതിന്റെ വേദനയും മുറിവും ഉണങ്ങിയെങ്കിലും ജീവിതാന്ത്യം വരെ അച്ചുകുത്തിന്റെ പാടും ബാല്യകാല സ്മൃതികളും മായാതെ നില്ക്കും. എൽ.കെ.ജി, യു.കെ.ജി. എന്നിങ്ങനെയുള്ള പടവുകളുടെ പിൻബലമില്ലാതെ നേരിട്ട് ഒന്നാം ക്ലാസിൽ പ്രവേശനം. ആശാട്ടിമാരുടെ അടുത്ത് മണലിൽ അക്ഷരം എഴുതി പഠിക്കാതെ ഡയറക്ട് പാഠശാലാ പ്രവേശനം. എന്തെന്നില്ലാത്ത സന്തോഷം.

ബന്ധുക്കളെല്ലാം പിരിഞ്ഞുപോയ വിഷാദാത്മകതയെ പുതിയ വിദ്യാലയമെന്ന സ്വപ്നം വിഴുങ്ങി.

ഒരേ നിറത്തിലുള്ള വസ്ത്രമണിഞ്ഞ് ആൺകുട്ടികളും പെൺകുട്ടികളും വെവ്വേറെ സംഘമായി കടത്തു വഞ്ചിയിറങ്ങി വീടിന്റെ സമീപത്തുകൂടെ നടന്നു പോകുന്നത് നോക്കി നിന്നിട്ടുണ്ട്.

അമ്മയും, ചേട്ടനും, അവധിക്കാലസഹചാരികളും സ്കൂളിലേക്ക് പോകുമ്പോൾ വല്ലാത്ത നീറ്റലാണ് മനസിൽ.

അവർ പോയി കഴിഞ്ഞാൽ താറാവും, കോഴികളുമായിരുന്നു കൂട്ട്. താറാവുകൾ തോട്ടിലേക്കിറങ്ങി കളിചിരിയിൽ മുഴുകുമ്പോൾ വീണ്ടും ഞാൻ ഒറ്റയ്ക്കാകും. പൂവൻ കോഴി മതിൽക്കെട്ടിൽ കയറി നിന്ന് ശബ്ദ പരിധി നിശ്ചയിക്കുന്ന ഡിജിറ്റൽ പ്രഖ്യാപനം കഴിഞ്ഞാൽ പിന്നെ എല്ലാ കോഴികളും അവന്റെ പിറകെ .എനിക്ക് ആരും കൂട്ടില്ല. കുഞ്ഞനുജത്തി തൊട്ടിലിൽ ഉറക്കമായിരിക്കും.

മഴ പൊടിയുന്നതുകൊണ്ട് അമ്മൂമ്മയുടെ ഒപ്പം പലതരം ചീരകൾ പറിച്ചെടുക്കാൻ പോകാം

കുപ്പച്ചീര, മുള്ളൻ ചീര, കൊഴുപ്പച്ചീര, കച്ചീര ഇങ്ങനെ സാധാരണ ഉപയോഗിക്കുന്ന പച്ച, ചുവപ്പ് ചീരകൾക്കപ്പുറം ചെറുചീരകൾ പറിച്ച് പണിക്കാരിയെ ഏൽപ്പിച്ച് അമ്മൂമ്മ സ്പെഷൽ കറിവെപ്പിക്കും. അവരുടെ മുഖം ഇരുണ്ടിരിക്കുമ്പോൾ അമ്മൂമ്മ പറയും, 'നീ കഴിക്കേണ്ട എനിക്കു വെച്ചു തന്നാൽ മതി.'

IndusInd Bank
Enjoy
competitive
interest rates with us.
Open your IndusInd Bank
Fixed Deposit today
for higher returns.
ENJOY UP TO
7.75%* P.A. INTEREST RATE
8.25%* P.A. INTEREST RATE
(FOR SENIOR CITIZENS)
Tenure : 1 year up to 2 years
*T&C apply

അന്ന് നടന്നു പോകുന്ന വഴികളിലെ കാഴ്ച ഓട്ടപ്പാച്ചിലിനിടയിലും നോക്കി കണ്ടറിഞ്ഞ് സ്കൂളിലെത്തിയപ്പോഴേക്കും എന്തോ ഒരു വിഷമത്താൽ കണ്ണു നിറ ഞ്ഞു.

അമ്മ ക്ലാസ് റൂമിൽ കയറി എന്നെ ടീച്ചറെ ഏൽപ്പിച്ച് വേഗം ഇറങ്ങി റോഡ് ക്രോസ് ചെയ്ത് എതിർവശത്തുള്ള സ്വന്തം സ്കൂളിലേക്കു നടന്നു പോകുന്ന ദൃശ്യം മനസിൽ നിന്ന് ഇന്നും മായുന്നില്ല.

തുളുമ്പാതെ നിന്ന മിഴി കൊണ്ട് ജനലിലൂടെ അമ്മയെ എത്തി വലിഞ്ഞു നോക്കിയിട്ടും മിഴിനീരിനാൽ കാഴ്ച മങ്ങി മങ്ങിപ്പോയതു ഇന്നലെ നടന്ന പോലെ മനസിൽ തെളിയുന്നു.

അവിടെ വിക്ടോറിയ ടീച്ചർ പുഞ്ചിരിയോടെ നിൽപ്പുണ്ട്. മുണ്ടും ചട്ടയും നാടനുമാണ് വേഷം. ഇതാണ് തന്റെ ടിച്ചർ. വീടിനെ കുറിച്ചോർത്ത് കരയാൻ തോന്നുന്നുണ്ട്. എങ്കിലും കരഞ്ഞില്ല. ടിച്ചറെ നേരത്തേ കണ്ടു പരിചയമുണ്ട് വീട്ടിൽ സിസ്റ്ററാന്റിമാർ വരുമ്പോൾ കാണാൻ വരാറുണ്ട്. അപ്പന്റെ സഹോദരിയുടെ ഭർതൃവീട്ടുകാരുമായി ബന്ധവുമുണ്ടെന്നറിയാം. അതുകൊണ്ട് ടീച്ചർ എന്നെ നോക്കി പുഞ്ചിരിച്ചപ്പോൾ മ്ലാന വദനയായി ഞാനും പുഞ്ചിരിച്ചു. അപരിചിത മുഖങ്ങൾ. അവിടെ ആൺകുട്ടികൾക്ക് വേറെ സ്ഥലം, പെൺകുട്ടികൾക്ക് മറ്റൊരു സ്ഥലം. അതെന്താണങ്ങനെ എന്നു മനസിലായതുമില്ല.

“വേറെ കറിയുണ്ടല്ലോ അമ്മൂമ്മേ, പിന്നെന്തിനാ ഈ പുല്ലുകൾ കറിവെക്കുന്നത്” എന്ന എന്റെ സംശയത്തിനു മറുപടിയായി അമ്മൂമ്മ പറയും: “അതു കണ്ണിനു നല്ലതാ. രുചി കുറവാണെങ്കിലും നീയും അത് കഴിക്ക് പകൽ ആകാശത്ത് നക്ഷത്രം കാണാൻ പറ്റും.” അമ്മൂമ്മ തൊണ്ണൂറ്റാറു വയസു വരെ ബൈബിളും മനോരമപത്രവും മുടങ്ങാതെ വായിച്ചിരുന്നു എന്നോർമ്മയുണ്ട്. പകൽ നക്ഷത്രത്തെ കാട്ടിക്കൊടുത്ത സൂക്ഷ്മ നയനങ്ങളേകിയ ചീരക്കറിയെന്ന ചിങ്കാരക്കറിക്ക് നന്ദി.

എല്ലാവരും സ്കൂൾ തുറന്നു പോയി കഴിഞ്ഞാൽ മൂടിപ്പുതച്ചു വെറുതെ കിടന്ന് പല താളത്തിൽ പല പ്രതലങ്ങളിൽ പുറത്തു മഴ താളം പിടിക്കുന്നത് കേട്ടു കിടക്കും. ഇത്തവണ ഞാനും അവരിലൊരാളായി പുറപ്പെടുകയാണ്. എന്തെന്നില്ലാത്ത അഭിമാനം തോന്നി. അലൂമിനിയത്തിന്റെ ബോക്സാണ് സ്കൂൾ ബാഗായി മേടിച്ചു തന്നിരിക്കുന്നത്. സ്ലേറ്റും പാഠപുസ്തകവും, രണ്ടു വലിയ സ്ലേറ്റു പെൻസിലും പൊതിച്ചോറും വെച്ചപ്പഴേ പെട്ടി നിറഞ്ഞു.

കുട്ടികളെ കൊണ്ടു പോകാനും കൊണ്ടുവരാനും മഴ വരും. ഇടവഴിയിൽ മുഴുവൻ വെള്ളമാണ്. വേഗം നടക്ക് എന്നു പറഞ്ഞിട്ട് ഞാൻ ഓടുകയാണ്. പെട്ടിയുമായി ഓടാൻ പറ്റുന്നില്ല; ആരോ വാങ്ങിപ്പിടിച്ചു. ഒടുവിൽ സ്വർഗമെന്നു കരുതി സ്വപ്നം കണ്ടിരുന്ന ഇടത്തെത്തി. അന്നു വലതു കാൽ വെച്ചു കയറിയ തുകൊണ്ടാണോ എന്നറിയില്ല പിന്നീട് പാഠപുസ്തകലോകത്തു നിന്ന് ഇറങ്ങിയത് അൻപത്തിയൊന്നു വർഷത്തിനുശേഷമെന്നത് പിൽക്കാല ചരിത്രം.

വെള്ള നിറത്തിലുള്ള ചെറിയ അലൂമിനിയം പെട്ടി ആരെക്കൊണ്ടും തൊടുവിക്കാതെ ക്ലാസിൽ വെച്ച് നെഞ്ചിലമർത്തിയിരുന്നത് താഴെ നിലത്തുള്ള വെള്ളവും കരിനിറവും പെട്ടിയിലാകുമോ എന്നോർത്തു മാത്രമല്ല. ആരെങ്കിലും എടുത്തുകൊണ്ടു പോയാലോ എന്ന പേടിയിലുമായിരുന്നു.

ടീച്ചറുടെ ടേബിളിനരികിൽ നിൽക്കുമ്പോൾ പെട്ടെന്നു കണ്ടു, ഒരു ബെഞ്ചിൽ പരിചയക്കാരായ മൂന്നാലു ആൺകുട്ടികൾ. അയൽ പക്കത്തു വീട് വാടകയ്ക്ക് എടുത്തു താമസിക്കുന്ന അമ്മ ച്ചിയുടെ കൂട്ടുകാരി ചങ്ങനാശ്ശേരി ക്കാരി സ്റ്റെല്ല ടീച്ചറുടെ മകൻ, അമ്മയുടെ സ്കൂളിലെ മറ്റു മൂ ന്നാലു അധ്യാപകരുടെ മക്കൾ അവിടെ ഒരുമിച്ചിരിക്കുന്നു. മുൻപ് കണ്ടും മിണ്ടിയും പരി ചയമുള്ളവർ; സമാധാനമായി. നേരേ അങ്ങോട്ടു നടന്നു. ആദ്യ രണ്ടു ദിനങ്ങളിൽ കുഴപ്പമില്ലാ യിരുന്നു. പിന്നെ പെൺകുട്ടികൾ അടക്കം പറഞ്ഞ് വാപൊത്തി ചിരിക്കാൻ തുടങ്ങി. കളിക്കാൻ പോകുമ്പോൾ ആൺകുട്ടികൾ ഒരുമിച്ചോടി പോകും. പെൺ കുട്ടികൾ തന്നോടു സംസാരിക്കു ന്നുമില്ല.

അവധി ദിവസം അപ്പച്ചൻ ചോദിച്ചു: "കൊച്ചിന് സ്കൂൾ ഇഷ്ടപ്പെട്ടോ?" തുളുമ്പിയ മിഴിക ളിൽ സങ്കട മെല്ലാം ആവാഹിച്ച് അപ്പച്ചനോടു പറഞ്ഞു, "പഠി ക്കാൻ ഇഷ്ടാണ്. കുട്ടികളാരെയും ഇഷ്ടപ്പെട്ടില്ല. അവരൊന്നും എന്നെ കൂട്ടുന്നില്ല." "അതു നീ പെൺകുട്ടികളുടെ കൂടെയിരിക്ക്. അവർ നിന്നെ കൂട്ടിക്കൊള്ളും." അറിയാതെ ചെയ്ത അപരാധം സ്റ്റാഫ് റൂം വഴി അമ്മയുടെ കാ തിൽ എത്തി വീട്ടിൽ അറിഞ്ഞു എന്നതു മനസിലാക്കാനുള്ള ബോധമായിട്ടില്ലാത്തതിനാൽ ഒട്ടും നാണക്കേടു തോന്നിയു മില്ല. കാരണം ഒന്നിച്ചിരുന്നതിലെ തെറ്റ് അപ്പോഴും ഇപ്പോഴും മനസിലാ യില്ല എന്നതു തന്നെ.

ഇനിയും എത്രയോ മഴക്കാ ലങ്ങൾ മനസ്സിൽ മായാതെ നിറയുന്നു. ജൂൺ ഒന്നിന് മഴ വന്നു കൂട്ടിക്കൊണ്ടു പോകും. വാഴയില വാട്ടി വെളിച്ചെണ്ണ പുരട്ടി കെട്ടി തന്ന പൊതിച്ചോറ ഴിക്കുമ്പോൾ എന്റെ ഇലപ്പൊ തിയിൽ മാത്രം ഭംഗിയായി വെട്ടി യെടുത്ത ഉണക്ക വാഴയിലയിൽ കറി പൊതിഞ്ഞ് വെച്ചിട്ടുണ്ടാ കും. ചോറിൽ കുഴയാതെ. ഓരോ ന്നെടുത്തു കഴിക്കുമ്പോൾ ചോറ്റു പാത്രത്തിലും വാഴയിലയിലും കൊണ്ടു വരുന്ന കുട്ടികൾ ഇതെന്താ ഇങ്ങനെ എന്നു ചോദിക്കും.

വൈകുന്നേരങ്ങളിൽ സ്റ്റാഫ് മീറ്റിംഗു ള്ളതുകൊണ്ട് അമ്മ വരാൻ വൈകും. ചേട്ടൻ അമ്മ യുടെ കൂടെയേ വരികയുള്ളൂ. പ്യൂൺ മാത്തുച്ചേട്ടൻ ചക്കര കാപ്പി അധ്യാപകർക്കൊപ്പം അമ്മമാരെ കാത്തു നിൽക്കുന്ന അധ്യാപക സന്തതികൾക്കും കൊടുക്കും.

മഴയ്ക്കു മുമ്പു തന്നെ പുര യടിക്കാനും, മുറ്റമടിക്കാനുമുള്ള ചൂലുകൾ തയ്യാറാക്കുന്ന മുതിർ ന്നവരുടെ കൂടെയിരിക്കും. കീറി യിട്ട തെങ്ങോലയും ഈർക്കിലും കൊണ്ട് വാച്ചും, മാലയും, കർ ണ്ണാഭരണവും അവരുണ്ടാക്കി തന്നതണിഞ്ഞ് തലയിൽ ഓല ക്കിരീടവും വെച്ച് രാജകുമാ രിയായി നടന്ന നാളുകൾ.

മഴയത്തു കുതിർന്ന് ഉപേക്ഷി ക്കപ്പെട്ട പച്ചോലപന്തുപോലെ നഷ്ടപ്പെട്ടു പോയ ബാല്യം ഇനി ആരു തിരിച്ചുതരും? എന്നാലും കണ്ണടച്ചിരുന്നാൽ എല്ലാമി പ്പോഴും കാണാം. സന്ധ്യയായി, കുരിശു വരക്കാൻ പായ വിരിക്ക്. തിരികത്തിക്ക് കുരിശുപള്ളിയി ൽ സന്ധ്യാമണി കൊട്ടി എന്നു വിളിച്ചു പറയുന്ന അമ്മൂമ്മയുടെ മുഖം.

എല്ലാവരും പലയിടങ്ങളിൽ നിന്നോടിയെത്തി അഞ്ചു മിനിറ്റ് സന്ധ്യാപ്രാർത്ഥന ചൊല്ലി മു തിർന്നവർക്കു സ്തുതി കൊ ടുത്തു പിരിയും. വീണ്ടും എട്ടു മണിക്ക് കുടുംബപ്രാർത്ഥന, പാട്ട്, ഒപ്പം തണുത്ത കാറ്റുള്ള മഴയുടെ അകമ്പടി.

ഇതെല്ലാം ഓർമയിൽ വരു മ്പോൾ നല്ല ബാല്യകാല സ്മര ണകൾ നൽകിയ പ്രിയപ്പെട്ട വരോട്, പ്രകൃതിയോട്, മനസാ സ്തുതി ചൊല്ലി കാ ലത്തെ തിരിച്ചു പിടിച്ച് ആസ്വ ദിക്കാം.

ഇതു വായിക്കുന്ന നിങ്ങളും നഷ്ടസ്മൃതിയോടെ ബാല്യകാല ത്തിലേക്ക് ഒന്നു പോയില്ലേ? സ്മരണകൾ നിലാമഴപോലെ പെയ്തിറങ്ങുമ്പോൾ പുറത്ത് ഇട വപ്പാതി മഴ കോരിച്ചൊരിയുന്നു ണ്ട്. ഇന്നെനിക്കുറങ്ങാൻ ഈ ഓർമ്മക്കുളിർ മാത്രം മതി!

◎

ആലുവ സെന്റ് ഫ്രാൻസിസ് സ്കൂളിൽ മൂന്നു പതിറ്റാണ്ടു കാലം അധ്യാപികയായിരു ന്നു റോമി ബെന്നി. ഇടയ്ക്ക് കുറച്ചുകാലം ഗൾഫിലും ജോലി ചെയ്തിട്ടുണ്ട്.

ഫോൺ : 9526433322

സ്മൃതിപഥം

ഫാ. ജോണി ജോർജ്
കോർ എപ്പിസ്കോപ്പാ



‘എന്റെ കഥയും കഥയില്ലായ്മയും’ 5

കൽക്കട്ട സ്മരണകൾ

‘കൽക്കട്ട എന്ന് കേൾക്കുമ്പോൾ എന്നും എന്റെ ഓർമ്മയിൽ തങ്ങി നിൽക്കുന്ന ഒരു സംഭവമുണ്ട്. അത് 1971 – ൽ സംഭവിച്ചതാണ്. കൽക്കട്ടയ്ക്കടുത്തുള്ള ദുർഗാപൂരിലെ ESII (Ecumenical Social and Industrial Institute) ൽ "industrial mission" സംബന്ധിച്ച് 6 മാസക്കാലത്തെ കോഴ്സിൽ പഠിക്കുകയായിരുന്നു ഞാൻ. France- ലെ Worker - Priest പ്രസ്ഥാനത്തിന് പ്രചാരം ലഭിച്ചുവരുന്ന സമയമായിരുന്നു. തൊഴിലാളികൾക്കൊപ്പം വൈദികരും ജോലി ചെയ്ത് അവരുടെ ആത്മീകവും മാനസികവും ലൗകികവും സാമൂഹ്യവുമായ കാര്യങ്ങളിൽ അവരെ സഹായിക്കാനായിരുന്നു ഈ പ്രസ്ഥാനം ശ്രമിച്ചത്.

സുധാകരൻ എം. റാംറ്റേക്കു ആയിരുന്നു ഡയറക്ടർ. പോൾ ശിരോമണി, അലക്സാണ്ടർ, ദേവസുന്ദർ, ജർമ്മനിയിൽ നിന്നുള്ള ജോർജ്ജ് ഗുട്ടൻബർഗ് എന്നിവർ സ്ഥിരം അദ്ധ്യാപകരാ യിരുന്നു. ജർമ്മനി, കൊറിയ, ജപ്പാൻ, ശ്രീലങ്ക, ഹോളണ്ട്, ഫിലിപൈൻസ്, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ എന്നിവയിൽ നിന്നുള്ളവർ ഈ കോഴ്സിൽ പങ്കെടുത്തിരുന്നു. ഫാക്ടറികളിലും കമ്പനികളിലും പോയി അവിടെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് മനസ്സിലാക്കാനും സാധിച്ചിരുന്നു.

1970–72 കാലം, നക്സലൈറ്റ് പ്രസ്ഥാനം (Naxalite) ശക്തിപ്രാപിച്ച് വരുന്ന സമയമായിരുന്നു. അക്കാലത്ത് സാധാരണഗതിയിൽ കൽക്കട്ടയുടെ തെരുവുകളിൽ രാത്രി സമയത്ത് ആളുകൾ സഞ്ചരിക്കാൻ ഭയപ്പെട്ടിരുന്നു. നക്സലൈറ്റ് ആക്രമണം ആരുടെ മേലും ഏതു സമയത്തും ഉണ്ടാകുമെന്ന ഭയം പൊതുവെ നിലനിന്നിരുന്നു. ഈയൊരു സാഹചര്യം നിലനില്ക്കുമ്പോഴായിരുന്നു ESII – യിൽ പഠിക്കുന്ന ഞങ്ങളെ ഒരു പ്രത്യേക ''പരിശീലന പരിപാടിയ്ക്ക് വിധേയമാക്കിയത്. അത് ഏറെ രസകരവും പ്രയോജനകരവുമായ ഒരു അനുഭവവുമായിരുന്നു. ഭാഷ അറിഞ്ഞു കൂടാത്ത ഒരു സ്ഥലത്ത് വണ്ടിക്കൂലിക്കു

Bank of India
Relationship beyond banking

ബാങ്ക് ഓഫ് ഇന്ത്യ

യു.സി. കോളജ് ശാഖ, ആലുവ

ടെലഫോൺ : 0484 2603838, 2606491

Mob : 9496310982

- സേവിംഗ്സ് ബാങ്ക് നിക്ഷേപം
- ഹ്രസ്വകാല/ദീർഘകാല
- സ്ഥിരനിക്ഷേപങ്ങൾ
- പ്രവാസി (NRE) നിക്ഷേപങ്ങൾ
- റിക്കറിംഗ് നിക്ഷേപങ്ങൾ
- ഇൻഷുറൻസ് പദ്ധതികൾ
- സ്വർണ്ണനാണയങ്ങൾ

- മുതിർന്ന പൗരന്മാർക്ക് കൂടുതൽ പലിശ
- ATM, BTM, Net Banking സൗകര്യങ്ങൾ
- ഭവന വായ്പ
- വാഹന വായ്പ
- വ്യാപാര വായ്പ
- സ്വർണ്ണപ്പണയ വായ്പ
- കാർഷിക വായ്പ

വിശദവിവരങ്ങൾക്ക് മാനേജരുമായി ബന്ധപ്പെടുക.

പോലും പണമില്ലാതെ അകപെട്ടു പ്പോയാൽ എങ്ങനെ ആ സാഹ ചര്യത്തെ അതിജീവിക്കും എ ന്നത് പരിശോധിക്കാനുള്ള ഒരു പരീക്ഷണമായിരുന്നു അത്.

കൽക്കട്ടയിലെ തെരുവുക ളിൽ പാതിരാത്രിയിൽ ഞങ്ങളെ ഒരു വാനിൽ കൊണ്ടുചെന്ന് ഇറക്കി വിടുകയായിരുന്നു. ജനു വരി മാസം, കഠിനതണുപ്പ്, കൊ തുകിന്റെ മയമില്ലാത്ത ആക്ര മണം, കൈയ്യിൽ പണമില്ല (നൂറു രൂപ ഉണ്ടായിരുന്നെങ്കിലും അത് ഉപയോഗിക്കാൻ അനുവാദമു ണ്ടായിരുന്നില്ല). ആകെ പ്രയോ ജനം ചെയ്യുമെന്ന് കരുതിയ ഏക വസ്തു ESII office ൽ നിന്ന് Police Verification കഴിഞ്ഞ് നൽകിയ ഒരു സർട്ടിഫിക്കറ്റാണ്. ഞങ്ങൾ മൂന്നുപേർ വീതമുള്ള ഗ്രൂപ്പുകളായിത്തിരിഞ്ഞ് തെരു വിൽ എന്ത് സംഭവിക്കുന്നു എന്നു കാണാൻ അലഞ്ഞു തിരി ഞ്ഞ് നടന്നു. എവിടെ നോക്കി യാലും തെരുവോരങ്ങളിൽ സൈക്കിൾ റിക്ഷാകൾ. കൊതു കിൽ നിന്നും രക്ഷപ്പെടാൻ ചാക്കിനകത്തും കീറിപ്പറിഞ്ഞ ബ്ലാങ്കറ്റ് പുതച്ചും കിടക്കുന്ന മനുഷ്യർ. പെട്ടിക്കടകളിൽ നിന്ന് ചായ വാങ്ങിക്കുടിക്കുന്നവർ. റോഡരികിലിരുന്ന് പരസ്യമായി മലമൂത്രവിസർജ്ജനം നടത്തുന്ന മനുഷ്യക്കോലങ്ങൾ. ദുർഗന്ധം വമിക്കുന്ന അന്തരീക്ഷം! വേശ്യ കളെന്നോ ലൈംഗിക തൊഴിലാ ളികളെന്നോ സമൂഹം 'സൽ പേര്' നൽകി അപമാനിക്കുന്ന പാവം സ്ത്രീകൾ അവിടെയും ഇവിടെയും നടക്കുകയും ചട ഞ്ഞിരിക്കുകയും ചെയ്യുന്നു.

പകൽ സമയത്ത് ഗ്രൂപ്പു വിട്ട് തനിയെ നടന്ന് വ്യത്യസ്തമായ "അനുഭവങ്ങൾ തേടി" ഞങ്ങൾ തെരുവുകളിൽ കൂടി നടന്നു. ഒരു പെട്ടിക്കടക്കാരൻ ഒരു ചായയും ഒരു ജിലേബിയും സൗജന്യമായി തന്നു. കുറെ നടന്നപ്പോൾ ഒരു കെട്ടിടത്തിന് മുമ്പിൽ ഒരു ക്യൂ രൂപം പ്രാപിച്ചു വരുന്നതായി കണ്ടു. എല്ലാവരും തന്നെ യുവാ ക്കളാണ്. ഉദ്യോഗാർത്ഥികളുടെ ക്യൂവായിരുന്നത്. അവിടെ വച്ചാണ് ഞാൻ റോയി എന്ന സുഹൃത്തിനെയുംസഹോദര നെയും കണ്ടുമുട്ടിയത്.

എന്റെ കൈയ്യിൽ ചില്ലിക്കാശു പോലും ഇല്ലെന്നും നാട്ടിലേയ്ക്ക് പോകാൻ വഴിയില്ലെന്നും ഞാൻ ആ സുഹൃത്തിനോട് പറഞ്ഞു. എന്റെ ദൈന്യതയിൽ പ്രയാസം തോന്നിയ അയാൾ ഈ സമ യത്ത് ഈശ്വരവിശ്വാസമാണ് ആവശ്യമെന്നും പ്രാർത്ഥിക്കണ മെന്നും പറഞ്ഞ് എന്നെ കാളി ടെംബിളിലേയ്ക്ക് കൂട്ടിക്കൊണ്ടു പോയി. ക്യൂവിൽ നിന്ന് പ്രസാദം കൈക്കുമ്പിളിലേയ്ക്ക് സ്വീകരിച്ച് അയാൾ കുടിക്കുകയും തല യിലും മുഖത്തും പൂശുകയും ചെയ്തു. അനാദരവ് കാട്ടാതി രിക്കാൻ പ്രസാദം ഞാൻ കയ്യിൽ വാങ്ങി; എന്നാൽ നിലത്ത് വീഴാ തിരിക്കാൻ ശ്രദ്ധിച്ച് തലയിലും കഴുത്തിലുമെല്ലാം പൂശി. പ്രസാദ ത്തിന്റെ ' മൂല്യത്തെ ഒരു വിശ്വാ സി അംഗീകരിക്കുന്ന തരത്തിൽ എനിക്ക് സ്വീകരിക്കാനാവുക യില്ലല്ലോ. അതുകൊണ്ട് ഞാൻ കുടിച്ചില്ല.

പിന്നീടയാൾ മൃഗ ബലി നടത്തിയിരുന്ന സ്ഥലവു മൊ ക്കെ കാണിച്ചു തന്നു. ഒറ്റ വെട്ടിന് കഴുത്തിൽ നിന്ന് മൃഗത്തിന്റെ തല വേർപെട്ട് രക്തം ചീന്തി ഒഴുകുന്ന സംവിധാനവും മറ്റും കണ്ടത് ഒരല്പം ഉൾക്കിടില ത്തോടെയായിരുന്നു. ഞാൻ നന്ദി പറഞ്ഞ് വേർപിരിയാൻ തുടങ്ങി യപ്പോൾ റോയ്, വീട്ടിൽ അമ്മ ഉണ്ടെന്നും അവരെ കണ്ടിട്ടു പോകാമെന്നും പറഞ്ഞു.

ഏകദേശം രണ്ടു മൈൽ അകലെയുള്ള വീട്ടിലേയ്ക്ക് സൈക്കിൾ റിക്ഷയിൽ പോയി. ഒരുവിധം വിശാലമായ വീട്. അ ധികം ഫർണിച്ചർ ഇല്ല. സിമന്റിട്ട് തേച്ചു മിനുക്കിയ തറ. വളരെ വൃത്തിയോടെ സൂക്ഷിക്കുന്നു. അമ്മ, 60 വയസ്സ് തോന്നിക്കുന്ന മെലിഞ്ഞ സ്ത്രീ. നിർബന്ധിച്ച് ചോറൂട്ടിയാണ് വിട്ടത്. വറുത്ത മീൻ, മസാല ഇട്ട് കറിവച്ചതും കാബേജ് തോരനും ഉണ്ടായിരു ന്നതായി ഓർക്കുന്നു. നിലത്ത് പടിഞ്ഞിരുന്നാണ് ഊണുകഴി ച്ചത്. പോരുന്നതിനു മുമ്പ് റോയി അമ്മയെ വിളിച്ച് അകത്തേയ്ക്കു പോകുന്നതു കണ്ടു. ആ അമ്മ തിരിച്ചു വന്ന് ഒരു അഞ്ചു രൂപാ നോട്ട് എന്റെ കൈയ്യിൽ തന്നു. വണ്ടിക്കൂലിയ്ക്കും വൈകിട്ടത്തെ ഊണിനും. വാസ്തവത്തിൽ എന്റെ കണ്ണുകൾ നിറഞ്ഞൊ ഴുകി. ബംഗാളി മനസ്സിന്റെ നൈർ മ്മല്യം അനുഭവിക്കാനുള്ള ഭാഗ്യം ഇത്തരത്തിൽ എനിക്ക് പിന്നീട് പല പ്രാവശ്യവും ലഭി ച്ചിട്ടുണ്ട്.

മനസ്സിൽ തങ്ങി നിൽക്കുന്ന സമാനമായ മറ്റൊരു സംഭവം 1971 ഫെബ്രുവരിയിലുണ്ടായി.

കൽക്കട്ടയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ കാണുക എന്ന ലക്ഷ്യത്തോടെ 3 ദിവസങ്ങൾ കൽക്കട്ടയിൽ താമസിച്ചുള്ള ഒരു പരിപാടി ആസൂത്രണം ചെയ്തിരുന്നു.

ബാംഗ്ലൂരിലെ Ecumenical Christian Centre (ECC) – ൽ എന്നോടൊപ്പം Citizenship Academy – യിൽ 1968 – ൽ പഠിച്ച സൻജീവ് സർക്കാർ (Sanjeeb Sarcar) ദുർഗ്ഗാപ്പൂരിൽ ESII യിൽ എന്നോടൊപ്പം പഠിക്കുന്നുണ്ടായിരുന്നു. "അലോക്സരണി" (Alok Sarani) എന്ന ബംഗാളി ക്രിസ്റ്റ്യൻ മാഗസിന്റെ എഡിറ്ററായിരുന്നു അദ്ദേഹം. അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് വിളിച്ചു. സന്ധ്യയ്ക്കാണ്, ആളുകൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലത്തുള്ള ഓടിട്ട ഒരു പഴയ നീളൻ കെട്ടിടത്തിന്റെ ഒറ്റ മുറിയും ചായിപ്പുമുള്ള അദ്ദേഹത്തിന്റെ ഭവനത്തിലെത്തിയത്. ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചത്. മത്തങ്ങ ഇട്ട് ഉണ്ടാക്കിയ അയിലക്കറിയും ചപ്പാത്തിയുമായിരുന്നു ഭക്ഷണം. ഒരു കട്ടിലായിരുന്നു ഉണ്ടായിരുന്നത്. അത് എനിക്കു തന്നു. സർക്കാർ ജിയും കുടുംബവും താഴെ പായ് വിരിച്ച് കിടന്നു. കുട്ടികൾ കട്ടിലിനടിയിൽ കൂടി. "Eat all" എന്നു പറഞ്ഞ് വിളമ്പിത്തന്ന മിസിസ് സർക്കാരിന്റെ ആതിഥ്യമര്യാദ വിസ്മയിപ്പിക്കുന്നതായിരുന്നു.

സ്കോട്ടിഷ് ചർച്ച് കോളേജ്

കൽക്കട്ട കേന്ദ്രമാക്കിയുള്ള പ്രവർത്തനങ്ങൾക്കും നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിൽ പോകുന്നതിനും വേണ്ടി താമസിച്ചിരുന്ന മൂന്ന് കേന്ദ്രങ്ങൾ ഇമ്മാനുവേൽ മിനിസ്ട്രീസ്, വൈ.എം. സി.എ. സ്കോട്ടിഷ് ചർച്ച് കോളേജ് എന്നിവയായിരുന്നു. സ്കോട്ടിഷ് ചർച്ച് കോളേജ് സുഭാഷ് ചന്ദ്രബോസ്, സ്വാമി വിവേകാനന്ദൻ എന്നിവർ പഠിച്ച കോളേജാണ്. ഇവിടെ പോകാൻ ഒരു പ്രത്യേക കാരണമുണ്ടായിരുന്നു. 2002-2013 വർഷങ്ങളിൽ അവിടുത്തെ പ്രിൻസിപ്പലായിരുന്നത് പ്രൊഫ. ഡോ. ജോൺ ഏബ്രാഹാമായിരുന്നു. നേരത്തേ അദ്ദേഹം ആലുവാ യൂണിയൻ ക്രിസ്റ്റ്യൻ കോളേജിൽ ഫിസിക്സ് ഡിപ്പാർട്ടുമെന്റിൽ പ്രഫസറായിരുന്നു. അദ്ദേഹവുമായി എനിക്ക് അടുത്ത സൗഹൃദമുണ്ടായിരുന്നു. ആ ബന്ധത്തിന്റെ തുടർച്ചയായാണ് കൽക്കട്ടയിൽ സ്കോട്ടിഷ് ചർച്ച് കോളേജിൽ പോയത്. മിക്കവാറും എല്ലാ മാസങ്ങളിലും തന്നെ ഞാൻ

പ്രൊഫ. ഡോ. ജോൺ ഏബ്രാഹം

കൽക്കട്ടയിൽ എത്തുമായിരുന്നു. ഒന്നുകിൽ ഒരു പ്രോഗ്രാം നടത്താൻ. അല്ലെങ്കിൽ ഒരു സി.എം. എ.ഐ അംഗസ്ഥാപനം സന്ദർശിക്കാനോ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പോകാനോ.

